(ബി) ലോകാരോഗ്യ സംഘടനയും രാജ്യത്തെ ഏറ്റവും സമുന്നതരായ ഗവേഷകരുടെയും ഡോക്ടർമാരുടെയും രോഗപ്രതിരോധ പൊതുജനാരോഗ്യ രംഗത്തെ വിദഗ്ധരുടെയും ഉന്നത സമിതിയുടെയും തീരുമാനപ്രകാരമാണ് ആരോഗ്യവകുപ്പ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(സി) കേരളത്തിലെ മാവൂരിൽ ഡോ. ജയകൃഷ്ണൻ നടത്തിയ പഠനത്തിൽ 1/3-ഓളം കൗമാരക്കാരായ പെൺകുട്ടികളെയും സ്ത്രീകളെയും റൂബെല്ല ബാധിക്കാൻ സാധ്യതയുണ്ട് എന്നാണ് കണ്ടെത്തിയിട്ടുള്ളത്. കൂടാതെ മറ്റൊരു പഠനത്തിൽ (പത്മജ എം., രാധാകൃഷ്ണൻ. പി.എം. എന്നിവർ നടത്തിയ Zero Prevalence of Immunity to Rubella in pregnant women. National Medical Journal India 2010 July-August 23 (4) ; 248-9) പറയുന്നത് 34 ശതമാനം ഗർഭിണികളായ സ്ത്രീകൾക്ക് റൂബെല്ലയ്ക്കെതിരെയുള്ള സ്വാഭാവിക പ്രതിരോധശേഷിയില്ല എന്നാണ്.

(ഡി) പെൺകുട്ടികൾക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മോണോവാലന്റ് വാക്സിൻ 11 വർഷത്തേക്ക് ഫലപ്രദമാണ് എന്നാണ് ഉദ്ദേശിക്കുന്നത്.

(ഇ) ആഗോളവ്യാപകമായ പഠനങ്ങളിലും മെഡിക്കൽ ഗ്രന്ഥങ്ങളിലും ഇത്തരം വാക്സിനുകൾ നിർദ്ദിഷ്ട ഷെഡ്യൂൾപ്രകാരം ആവർത്തിച്ച് നൽകുന്നത് ദോഷഫലങ്ങൾ ഉണ്ടാക്കുകയില്ലെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

(എഫ്) ഒരേ വാക്സിൻ നിർദ്ദിഷ്ട അളവിൽ ഒരേ ആൾക്കുതന്നെ നൽകുന്നത് ദോഷകരമല്ലെന്ന് ആഗോളവ്യാപകമായി പഠനങ്ങളിലും മെഡിക്കൽ ഗ്രന്ഥങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്.

ഇ-ഹെൽത്ത് പദ്ധതി

10 (2561) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സണ്ണി ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-ഹെൽത്ത് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചുവോ ; പദ്ധതി എന്ന് പൂർത്തീകരിക്കും ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതി കേന്ദ്രവിഷ്കൃത പദ്ധതിയാണോ ; സംസ്ഥാനത്തിന് എന്തെങ്കിലും സാമ്പത്തിക ബാദ്ധ്യതയുണ്ടോ ;

(ഡി) ഈ പദ്ധതിയിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു ?

ഉത്തരം

(എ) ഇ-ഹെൽത്ത് പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ് :

1. വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക.

2. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർ വൽകൃത സേവനങ്ങൾ ലഭ്യമാക്കുക.

3. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളേയും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളേയും ഒരു വൈഡ് ഏരിയ നെറ്റ്വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക.

4. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ചികിത്സ നടത്തുന്നവരുടെ ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർചികിത്സയ്ക്കായി വീണ്ടുമെത്തുമ്പോൾ അവ പ്രസ്തുത ആശുപത്രികളിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക.

(ബി) ഇ-ഹെൽത്ത് പദ്ധതി തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഒരു വർഷത്തിനകം തിരുവനന്തപുരത്ത് പൈലറ്റ് പദ്ധതി പൂർത്തീകരിക്കുവാനും രണ്ടു വർഷത്തിനകം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം തുടങ്ങി 7 ജില്ലകളിൽ പദ്ധതി നടപ്പിലാക്കുവാനുമാണ് ഇപ്പോൾ വിഭാവന ചെയ്തിട്ടുള്ളത്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കേന്ദ്രവിഹിതമായ 86.96 കോടി രൂപയും സംസ്ഥാന വിഹിതം 9.43 കോടി രൂപയുമായാണ് ഈ പദ്ധതിപ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്.

(ഡി) ഈ പദ്ധതിയിൽ 7 ജീവനക്കാർ ജോലി ചെയ്യുവരുന്നു. കൂടാതെ ആരോഗ്യ വകുപ്പിൽനിന്ന് 3 ജീവനക്കാരെ റീ-ഡിപ്ലോയ് ചെയ്ത് അവരുടെ സേവനവും ഒരു ചീഫ് കൺസൾട്ടന്റിന്റെ സേവനവും ഈ പദ്ധതിയിൽ ഉപയോഗപ്പെടുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly